LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭങ്ങളെ പ്രതിരോധിക്കുന്നതിന് ശേഷിയുള്ള വീടുനിർമ്മാണം

120 (5820) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂകമ്പം, മിന്നൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളെ പ്രതിരോധിക്കുന്നതിന് ശേഷിയുള്ള വീടുനിർമ്മാണത്തിന്റെ സാങ്കേതികവിദ്യ സംബന്ധിച്ച് ഭവനവകുപ്പ് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത തരത്തിലുള്ള വീടുനിർമ്മാണത്തിന്റെ സാധ്യത പ്രയോജനപ്പെടുത്താൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ & ബി) ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഭൂകമ്പം, കൊടുങ്കാറ്റ് മുതലായവയെ പ്രതിരോധിക്കുന്നതിന് അനുയോജ്യമായ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി കെട്ടിട നിർമ്മാണം നടത്തി വരുന്നത്. മിന്നൽ പ്രതിരോധിക്കുന്നതിന് IS 2309 പ്രകാരമുള്ള സുരക്ഷാ സംവിധാനം ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നൽകിവരുന്നുണ്ട്. ഭൂകമ്പം, മിന്നൽ തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങളെ പ്രതിരോധിക്കുന്നതുമായി ബന്ധപ്പെട്ട കൂടുതൽ പഠനങ്ങളൊന്നും തന്നെ ഭവനനിർമ്മാണ വകുപ്പ് നടത്തിയിട്ടില്ല. കേരള സർക്കാർ ലാത്തൂരിൽ നിർമ്മിച്ചു നൽകിയ ഭൂകമ്പപ്രതിരോധ ശേഷിയുള്ള വീടുകൾ സംസ്ഥാന നിർമ്മിതി കേന്ദ്രം വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് നിർമ്മിച്ചത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനനിർമ്മാണ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ

121 (5824) ശ്രീ. കെ. എം. മാണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനനിർമ്മാണ വകുപ്പുവഴി സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയത് ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി നാളിതുവരെ എത്ര തുക ചെലവ് ചെയ്തു ;

(സി) ഇനി എത്ര തുക ചെലവ് ചെയ്യാനുണ്ട് ;

(ഡി) ഓരോ പദ്ധതിക്കും വേണ്ടി ഓരോ ധനവർഷവും എത്ര തുക വകയിരുത്തിയിരുന്നു ;

(ഇ) അതിൽ ഭവനനിർമ്മാണ ബോർഡിന് എത്ര തുക നൽകി ;

(എഫ്) ഭവനനിർമ്മാണ ബോർഡ് പ്രസ്തുത കാലഘട്ടത്തിൽ എത്ര ഹൗസിംഗ് സ്കീം പദ്ധതികൾ ആരംഭിച്ചു ;

(ജി) ഓരോ ജില്ലയിലും നാളിതുവരെ എത്ര വീടുകൾ വീതം ബോർഡ് പണി കഴിപ്പിച്ചു ;

(എച്ച്) ഈ കാലഘട്ടത്തിൽ ബോർഡ് പണികഴിപ്പിച്ച എത്ര വീടുകൾ വിതരണം ചെയ്തു ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭവന നിർമ്മാണ ബോർഡ്, സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നിവ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

1. എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി
2. സുനാമി ഭവന നിർമ്മാണ പദ്ധതി
3. .സുരക്ഷാ ഭവന പദ്ധതി
4. പ്രാക്തന ഗോത്രവർഗ്ഗ ഭവന നിർമ്മാണ പദ്ധതി, വയനാട്
5. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ഭവന പദ്ധതി
6. ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം
7. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ
8. Build-Share-Transfer രീതിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ
9. കൊച്ചി മറൈൻ ഡ്രൈവ് PPP പദ്ധതി
10. ദേവികുളത്ത് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഭവന പദ്ധതി
11. Pravasi affordable Housing Scheme
12. സർക്കാർ ജീവനക്കാർക്കുള്ള affordable Housing Scheme

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

1. പുതിയ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദനശാലകളുടെ നിർമ്മാണം
2. നിലവിലുള്ള ഉല്പാദനശാലകളുടെ നവീകരണം
3. കലവറകൾ
4. മണൽ കലവറകൾ

2214/12

LIBRARY ARCHIVES Kerala Legislative Assembly

5. മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ

6. നിർമ്മാണ തൊഴിലുകളിൽ വിവിധ പരിശീലന പരിപാടികൾ

7. വനിതകൾക്ക് മാത്രമുള്ള ഹോളോ കോൺക്രീറ്റ് ബ്ലോക്ക് ഉല്പാദന യൂണിറ്റ്

8. പ്രശസ്ത വാസ്തുശില്പി ഡോ. ലാറിബേക്കറിന്റെ നാമധേയത്തിലുള്ള LBNTRI/അന്തർദേശീയ നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് (ലാബിഷാസ്) നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

(ബി & സി) ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയും ഇനി ചെലവഴിക്കാനുള്ള തുകയെ സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. *

(ഡി & ഇ) ഓരോ പദ്ധതിക്കും ഓരോ ധനവർഷം വകയിരുത്തിയ തുകയും ബോർഡിനും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനും അനുവദിച്ച തുകയും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. *

(എഫ്) ഭവന നിർമ്മാണ ബോർഡ് പ്രസ്തുത കാലഘട്ടത്തിൽ താഴെ പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് :

1. എം.എൻ.ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി

2. സുരക്ഷാ ഭവന പദ്ധതി

3. ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം, പൂജപ്പുര, തൃക്കാക്കര

(ജി & എച്ച്) ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം പ്രകാരം എറണാകുളത്ത് തൃക്കാക്കരയിൽ 36 ഫ്ളാറ്റുകളും തിരുവനന്തപുരത്ത് 16 ഫ്ളാറ്റുകളും നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണ വകുപ്പിന്റേതല്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാർക്കുള്ള 1800 വീടുകളുടെ നിർമ്മാണം ഗുണഭോക്താക്കളുടെ സഹകരണത്തോടെ ഏറ്റെടുത്തതിൽ 1665 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. അതുപോലെ സുൽത്താൻബത്തേരിയിൽ പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായി 220 വീടുകളുടെ നിർമ്മാണവും സുനാമി പുനരധിവാസ ഭവന പദ്ധതിപ്രകാരം 2044 വീടുകളുടെ നിർമ്മാണം ബോർഡ് ഏറ്റെടുത്തതിൽ 189 വീടുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

പള്ളുരുത്തിമണ്ഡലത്തിൽ ഭവന വായ്പ എഴുതിത്തള്ളപ്പെട്ടവരുടെ വിശദാംശം

122 (5825) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭവനനിർമ്മാണ ബോർഡിൽ നിന്ന് വായ്പ എടുത്തിട്ടുള്ള പള്ളുരുത്തി നിയോജകമണ്ഡലത്തിൽ നിന്നുള്ള എത്രപേരുടെ വായ്പ എഴുതിതള്ളി എന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly